പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2422

18.02.2016 ൽ മറുപടിക്ക്

## ശമ്പള നിഷേധം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ജലസേചന വകുപ്പ് ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. കുട്ടനാട് പാക്കേജ് ഉൾപ്പെടെയുള്ള ജലസേചന വകുപ്പിലെ താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി ലഭിക്കുവാൻ വൈകിയത് കൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്. |
| (ബി) ജലസേചന വകുപ്പ് ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കുവാൻ ധനവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഓഫീസ്, തസ്തിക എന്നിവ തിരിച്ചുള്ള കണക്ക് നൽകുമോ; | (ബി) ജലസേചന വകുപ്പിലെ അധിക തസ്തികകൾ വെട്ടിക്കുറക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഫീസ്, തസ്തിക തിരിച്ച് കണക്കുകളൊന്നും ധനവകുപ്പ് നിർദ്ദേശിച്ചിട്ടില്ല. ഈ വിഷയം സർക്കാർ പരിശോധിച്ച് വരുന്നതേയുള്ളൂ. |
| (സി) ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം ഉണ്ടാകാതിരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച് ജലസേചന വകുപ്പ് ചീഫ് എൻജിനീയറും സെക്രട്ടറിയും എന്തെല്ലാം നിർദ്ദേശങ്ങളും റിപ്പോർട്ടുകളുമാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് പറയാമോ; | (സി) പ്രസ്തുത ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നതിനായി ജലസേചന വകുപ്പിലെ എല്ലാ താൽക്കാലിക തസ്തികകൾക്കും 31.03.2016 വരെ തുടർച്ചാനുമതി നൽകിക്കൊണ്ട് 15.02.16-ലെ സ.ഉ.(ആർ.റ്റി)നം.134/2016/ജവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) | ചില പ്രത്യേക ഓഫീസുകളിൽ നിയമിക്കപ്പെട്ടു എന്ന കാരണത്താൽ എത്ര സർവ്വീസുള്ളവരായാലും തുടർച്ചാനുമതിയുടെ പേരിൽ ശമ്പളം നിഷേധിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) ജലസേചന വകുപ്പിലെ അധിക തസ്തികകൾ നിർത്തലാക്കി ബാക്കിയുള്ളവ സ്ഥിരം തസ്തികകളാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഐ&എ) സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ